# സെന്റ്. ആൽബർട്സ് എൽ പി സ്കൂൾ
# മുതിയാവിള, കാട്ടാക്കട

# സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ

# ആമുഖം

നെടുമങ്ങാട് താലൂക്കിൽ കാട്ടാക്കട നെയ്യാർഡാം റോഡിന്റെ സമീപത്ത് കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ 1923 ഈ സ്ഥാപനം സ്ഥാപിതമായി. ഈ സ്കൂളിന്റെ സ്ഥാപകൻ ഫാദർ ഇൻഡൽ ഫോൺസ് ആണ്. 1924 മെയ് മാസം 19 ആം തീയതി ഗവൺമെന്റ് അംഗീകാരം നൽകി. ഫാദർ തന്റെ താമസ സ്ഥലം വിദ്യാഭ്യാസത്തിന് വിട്ടുകൊടുക്കുകയും ഒരു പുതിയ കെട്ടിടം സ്ഥാപിച്ച പെൺപള്ളിക്കൂടം എന്ന പേരിൽ അധ്യായനം ആരംഭിക്കുകയും ചെയ്തു. ആദ്യത്തെ വ്യക്തിയാർഥി ആയി ഐ..ലൂയിസും പ്രഥമ ഹെഡ്മിസ്ട്രസ് അമ്മുക്കുട്ടി അമ്മയുമായിരുന്നു. അഞ്ചാം ക്ലാസ് ആരംഭിച്ചില്ലെങ്കിലും ഇപ്പോൾ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകൾ ഉള്ള പ്രൈമറി സ്കൂൾ ആയി നിലനിൽക്കുകയും ചെയ്യുന്നു. ജി.വി.രാജ സ്കൂൾ പ്രിൻസിപ്പലായി വിരമിച്ച ശ്രീ തങ്കയ്യൻ കുഞ്ഞ് സിവിൽ സപ്ലൈ ഓഫീസർ റവന്യൂ ഉദ്യോഗസ്ഥനുമായ വിരമിച്ച ശ്രീ സെബാസ്റ്റ്യൻ രാജ്യസേവനത്തിനിടയിൽ ജീവൻ ത്യജിച്ച ശ്രീ റിച്ചാർഡ്, ട്രെയിനിങ് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ശ്രീമതി ഡൽഹി തങ്കം പൂവച്ചൽ പഞ്ചായത്തിൽ ദീർഘകാലം പ്രസിഡണ്ട് ആയിരുന്ന ശ്രീ സുകുമാരൻ നായർ തുടങ്ങിങ്ങിയവർ ഈ സ്ഥാപനത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്..

സേവന താൽപരരായ ഒരു കൂട്ടം അധ്യാപകരുടെ നിരന്തരമായ ശ്രമത്തിന്റയും അധ്യാപനത്തിന്റെയും ഫലമാണ് ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് പിന്നിൽ. കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ടാണ് ഇവിടത്തെ ഓരോ പ്രവർത്തനം നടക്കുന്നത്.

Unaided സ്ഥാപനങ്ങളുടെ വരവ് രക്ഷകർത്താക്കൾക്കുള്ള ഏറെ താല്പര്യവും വിദ്യാലയത്തിന്റെ വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്നു. ശാസ്ത്രഅഭിരുചി വളർത്തിയനായി ശാസ്ത്ര ക്ലാസുകൾ സംഘടിപ്പിക്കുക. മോറൽ സയൻസ് ഒരു വിഷയമായി തന്നെ പഠിക്കുക, കൃഷിയെ പരിപോഷിപ്പിക്കുന്നതിനായി കാർഷിക ക്ലബ്ബിന്റെ പ്രവർത്തനം, ദിനാഘോഷങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുക, ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടത്തുക, മെച്ചപ്പെട്ട രീതിയിൽ ഉച്ചഭക്ഷണം നൽകുക തുടങ്ങിയവയ്ക്ക് ഈ വിദ്യാലയം പ്രാധാന്യം നൽകുന്നു.

## 1. സ്കൂൾ ചരിത്രം ലഘു രൂപത്തിൽ

## നിലവിലെ കുട്ടികളുടെ എണ്ണം

| SL. | STD | BOYS | GIRLS | TOTAL |
|---|---|---|---|---|
| 1 | PREPRIMARY | 18 | 23 | 41 |
| 2 | I | 10 | 6 | 16 |
| 3 | II | 7 | 8 | 15 |
| 4 | III | 11 | 7 | 18 |
| 5 | IV | 11 | 7 | 18 |

## അധ്യാപകരുടെ എണ്ണം

| STD | I | സിസ്റ്റർ. ഷൈനി പീറ്റർ |
|---|---|---|
| | II | കെ. ഷാജിമോൻ |
| | III | മഞ്ജു. ജെ. സി |
| | IV | ശ്രീജ. എസ്. ആർ |
| | Head master | ഷാജിമോൻ. കെ |
| | Preprimary | മോനിഷ, അനിത, ജിജി |
| | ആയ | |
| | പാചക തൊഴിലാളി | ഡാളി. കെ |

## ക്ലാസ് മുറികളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും ലഭ്യത

നല്ലൊരു കെട്ടിടമുണ്ട്, 5 ക്ലാസ് മുറികളും ഓഫീസ് റൂമും നിലവിലുണ്ട്. കമ്പ്യൂട്ടർ ലാപ്ടോപ്പ് പ്രൊജക്ടർ എന്നിവ ഉണ്ട്.

**ലഭ്യത**

ഒരു മെയിൻ ഹാളിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. തട്ടുകൾ ഉപയോഗിച്ച് ക്ലാസുകൾ വേർതിരിച്ചാണ് പഠിപ്പിക്കുന്നത്. മെയിൻ ഹാളിൽ തന്നെ സ്റ്റേജും ക്രമീകരിച്ചിട്ടുണ്ട്. ഫാനുകളും ട്യൂബ് ലൈറ്റും ഓരോ ക്ലാസിലും സജ്ജീകരിച്ചിട്ടുണ്ട്. ആവശ്യത്തിനുള്ള വെന്റിലേഷൻ ഉണ്ട്. ഒരു കിച്ചൻ കം സ്റ്റോർ ഉണ്ട്, ഒരു ഡൈനിങ് ഹാൾ ഉണ്ട്. എക്കോ ഫ്രണ്ട്ലി ടോയ്ലറ്റ് ഉണ്ട്.

**ഇനി വേണ്ടത്**

കമ്പ്യൂട്ടർ ലാബില്ല, സ്മാർട്ട് ക്ലാസ്സ് റൂം ഇല്ല.

## കുട്ടികളുടെ പഠന നിലവാരം

പഠന നിലവാരത്തിൽ കുട്ടികൾ ഒട്ടും പിന്നിലല്ല. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടുകൊണ്ട് രാവിലെ 9 മണി മുതൽ ഒൻപതര വരെ ഇംഗ്ലീഷ്, മലയാളം, ഗണിതം ക്ലാസുകൾ എടുക്കുന്നു. സ്പോക്കൺ ഇംഗ്ലീഷിലാണ് രാവിലത്തെ ക്ലാസിന് കൂടുതൽ പ്രാധാന്യം നൽകുന്നത്. മൂന്നുനാലും ക്ലാസിലെ കുട്ടികൾക്ക് ചതിഷ്ക്രിയകൾ ഉറപ്പിച്ചിട്ടുണ്ട്. തീരുമാനപ്രകാരം ഓരോ മാസവും രക്ഷകർത്താക്കൾക്ക് ആവശ്യനുസരണം നിശ്ചിത വിഷയം ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. കുട്ടികളെ അക്കാദമിക കാര്യങ്ങളിലും സ്വഭാവരൂപീകരണത്തിലും ശ്രദ്ധിക്കേണ്ടതിനു പ്രാധാന്യം ഇതിലൂടെ രക്ഷകർത്താക്കൾക്ക് ലഭിച്ചു കഴിഞ്ഞു.

## അക്കാദമികം

2025 26 അധ്യായന വർഷം മുതൽ സ്കൂൾതല മാസ്റ്റർ പ്ലാൻ ക്ലാസ്തല മാസ്റ്റർ പ്ലാനുകൾക്കും പുറമേ ഓരോ ക്ലാസിലും വ്യക്തിഗത മാസ്റ്റർ പ്ലാനുകളും തയ്യാറാക്കി. ഒരു മാസവും ക്ലാസ് പിടിഎ നടത്തുന്നു. കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളുമായും പങ്കുവയ്ക്കുന്നു. രക്ഷിതാക്കളുടെ അഭിപ്രായം പരിഗണിച്ചുകൊണ്ട് ഓരോ കുട്ടിയുടെയും പുരോഗതിക്കായി പ്രവർത്തിക്കുന്നു. എല്ലാ ആഴ്ചയും കൂടുകയും പഠന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. എസ്ആർജി റിപ്പോർട്ട് ഭംഗിയായി എഴുതുന്നു. കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്ത് കോപ്പുകൾ എഴുതിക്കുന്നു. അതിനായി രക്ഷകർത്താക്കളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ദിനാചരണങ്ങളെ കുറിച്ചുള്ള ക്വിസ് മത്സരവും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നു. എല്ലാ ബുധനാഴ്ചയും അസംബ്ലി ഇംഗ്ലീഷിൽ നടത്തുന്നു. ഉച്ചയ്ക്ക് 1:30ന് കുട്ടികളെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ അടയാളങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു. അധ്യാപകർ അതിനു വേണ്ട നേതൃത്വം പ്രോത്സാഹനവും നൽകുന്നു. കമ്പ്യൂട്ടർ ഹിന്ദി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിനായി പി റ്റി എ യുടെ നേതൃത്വത്തിൽ അധ്യാപികയെ നിയമിച്ചു.

**സാമൂഹികം**

എസ് എം സി യുടെ നേതൃത്വത്തിൽ വിലയേറിയ തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കി വരുന്നു. പച്ചക്കറി തോട്ടം ഗാർഡനിങ് എന്നിവയ്ക്ക് അവർ തുടക്കമിട്ടു. അംഗങ്ങൾ ഇടയ്ക്ക് സ്കൂളിൽ സന്ദർശിച്ച പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

**ഭൗതികം**

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ബിൽഡിംഗ് വെക്കുന്നതിനെ കുറിച്ച് തീരുമാനിച്ചു.

**നടപ്പു വർഷത്തിൽ മുൻഗണന നൽകേണ്ട പ്രവർത്തനങ്ങൾ**

- ദിനാചരണങ്ങൾ
- പിടിഎ
- സി പി ടി എ
- എം പി ടി എ

**പ്രവർത്തനത്തിന്റെ പേര്**

1. രക്ഷകർത്ത ബോധവൽക്കരണ ക്ലാസ്.
2. സ്വഭാവരൂപീകരണ ക്ലാസ്
3. ക്ലാസ് പ്രവർത്തനങ്ങൾ.
4. എസ് ആർ ജി യോഗങ്ങൾ

**നടപ്പിലാക്കുന്നതിന്റെ ഉദ്ദേശം**

സ്കൂൾ ക്ലാസ് തല പ്രവർത്തനങ്ങൾ ചർച്ച ചെയ്യൽ.

കുട്ടികളുടെ പഠനം നിലവാരം ഉറപ്പാക്കൽ.

**അവലോകനം മോണിറ്ററിംഗ്**

ആഴ്ചയിലൊരിക്കൽ ഹെഡ്മാസ്റ്റർ മോണിറ്റർ നടത്തി റിപ്പോർട്ട് ചെയ്യുന്നു. ക്ലാസ് പ്രവർത്തനങ്ങളിൽ കാണുന്ന പോരായ്മകൾ അറിയിച്ചു പരിഹാരം നിർദ്ദേശിക്കുന്നു. എല്ലാ ആഴ്ചയും സ്റ്റിച്ചിങ് മാനുവൽ പരിശോധിച്ച് വിലയിരുത്തുന്നു.. എസ്.ആർ ജി വൈകുന്നേരം 3 30 മുതൽ 4 മണി വരെ ചുമതല എസ് ആർ ജി കൺവീനർന്ന്.

വിവിധ ക്ലബ്ബുകൾ പിടിഎയുടെയും കൺവീനർമാരുടെയും നേതൃത്വത്തിൽ നടത്തുന്നു.

**അനുബന്ധം 1A**

| | | |
|---|---|---|
| Name of school | : | St. Albert"s LPS Muthiyavila |
| Name of revenue village/ ward | : | Veerana kaavu |
| Name of cluster(CRC) | : | Thottampara |
| Name of Panchayat | : | Poovachal |
| Name of block | : | Vellanad |
| Name of district | : | Thiruvananthapuram |
| Name of HM with Mob. No | :- | K. Shaji mon 94976 90375 |

**അനുബന്ധം 1B**

കുട്ടികളുടെ സൃഷ്ടികൾ, നടന്ന പ്രവർത്തനങ്ങളുടെ ഫോട്ടോ, വീഡിയോ എന്നിവ ഉൾപ്പെടുത്തി വാർത്ത തയ്യാറാക്കി, ദിനാചരണങ്ങൾ, പ്രവേശനോത്സവം എന്നിവയുടെ ചിത്രങ്ങൾ വാർത്ത പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ മാസത്തെ ബോധവൽക്കരണ ക്ലാസ് റിപ്പോർട്ടുകൾ, വാർഷിക റിപ്പോർട്ടുകൾ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

**അവസ്ഥാ വിശകലനം**

പൂവച്ചൽ പഞ്ചായത്തിലെ ജംഗ്ഷനിൽ മെയിൻ റോഡരികിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത് .

നെയ്യാറ്റിൻകര കോർപ്പറേറ്റ് മാനേജ്മെന്റ് കീഴിൽ പ്രവർത്തിക്കുന്ന ഒരു എയ്ഡഡ് സ്കൂളാണ് സെന്റ് ആൽബർട്ട് എൽപിഎസ് നിലവിലുള്ള സ്കൂൾ കെട്ടിടം പ്രവർത്തനം തുടങ്ങിയത് 2010-11അധ്യായനവർഷത്തിലാണ്. മാനേജ്മെന്റ്റ്റയും അധ്യാപകരുടെയും സഹായത്തോടെയാണ് പണി പൂർത്തിയാക്കിയത്.

**കുട്ടികളുടെ പഠനനിലവാരം**

വീട്ടിലെ പ്രശ്നങ്ങൾ മൂലം പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ഏതാനും കുട്ടികൾ ഒഴിച്ചാൽ പൊതുവേ സാമാന്യം നല്ല നിലവാരത്തിലുള്ള കുട്ടികളാണ് ഞങ്ങളുടെ സ്കൂളിൽ പഠിക്കുന്നത്. രാവിലെ 9 മുതൽ 9:30 വരെ നടത്തിവരുന്ന ക്ലാസ് താഴ്ന്ന

നിലവാരത്തിലുള്ള കുട്ടികൾക്ക് ഏറെ പ്രയോജനം ചെയ്യുന്നു. ഉച്ചയ്ക്ക് 1 30ന് കുട്ടികൾ സംഘടിപ്പിക്കുന്ന ഗ്രൂപ്പ് പ്രവർത്തനങ്ങളും ഏറെ പ്രയോജനം ചെയ്യുന്നു.

**ഭൗതിക അന്തരീക്ഷം**

ഭൗതിക അന്തരീക്ഷം സാമാന്യം മെച്ചപ്പെട്ടതാണ്. മെയിൻ കെട്ടിടത്തിൽ തന്നെ ഒരു മുറി വേർതിരിച്ചു ഓഫീസ് റൂം, സ്റ്റാഫ് റൂം എന്നിവ പ്രവർത്തിച്ചുവരുന്നു. സ്റ്റേജ് ഉൾപ്പെടെയുള്ള ക്ലാസ് റൂം കെട്ടിടം തട്ടി കൊണ്ടാണ് വേർതിരിച്ചിരിക്കുന്നത്. കുടിവെള്ളം ബാത്റൂം സൗകര്യം എന്നിവ ഉണ്ട്. പുതുതായി നിർമ്മിച്ച കിച്ചൻ കം സ്റ്റോർ ഡൈനിങ് ഹാൾ എന്നിവ സ്കൂളിന് മുതൽക്കൂട്ടാണ്. വൈദ്യുതി ഉള്ളതിനാൽ ഓരോ ക്ലാസിലും ഫാൻ ട്യൂബ് ലൈറ്റ് എന്നിവ സജ്ജമാക്കിയിട്ടുണ്ട്.

**അധ്യാപകർ**

നിലവിൽ ഉൾപ്പെടെ നാല്(4) അധ്യാപകരും നഴ്സറി വിഭാഗത്തിൽ മൂന്ന് (3) അധ്യാപകരും ഉണ്ട്.

**വിദ്യാലയത്തിന്റ ശക്തിയും പരിമിതികളും**

വിദ്യാലയ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നത് പരമാവധി സഹകരിക്കുന്ന നല്ല ഒരു പിടിഎ ഞങ്ങൾക്കുള്ളത്. ലോക്കൽ മാനേജർ സ്കൂൾ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നത് ഞങ്ങൾക്ക് ശക്തി പകരുന്നു.

**അനുബന്ധം 2 A**

**സാമൂഹിക പങ്കാളിത്തം നിലവിലെ അവസ്ഥ**

പ്രവേശനോത്സവം, ദിനാചരണങ്ങൾ, ഓണാഘോഷം, ക്രിസ്മസ് ആഘോഷം, വാർഷികം തുടങ്ങിയവ സാമൂഹിക പങ്കാളിത്തത്തോടെയാണ് നടത്തുന്നത്.

മാസംതോറും നടത്തിവരുന്ന ബോധവൽക്കരണ ക്ലാസ് പിടിഎയുടെ സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്നത്.

**അനുബന്ധം 2B**

**കുട്ടികളുടെ പഠനമലവാരം കണ്ടെത്തൽ**

പഞ്ചായത്ത് ബിആർസി തലങ്ങളിൽ നടത്തിവരുന്ന എല്ലാ പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കെടുപ്പിച്ചു വരുന്നു. മലയാളവും ഇംഗ്ലീഷും വായിക്കുവാൻ എല്ലാ കുട്ടികൾക്കും ഗ്രൂപ്പ് അടിസ്ഥാനത്തിൽ വായന പ്രവർത്തനങ്ങൾ നൽകുന്നു. കുറിപ്പ് കഥ കവിത എന്നെ രചന മത്സരങ്ങൾ ഇടയ്ക്ക് നടത്തുന്നത് ഒരു പരിധി വരെ കുട്ടികളിലെ ഭാഷാവളർച്ചയ്ക്ക് ഏറെ സഹായിക്കുന്നു.

**അനുബന്ധം 3**

**വിദ്യാലയത്തിന്റ ശക്തിയും പരിമിതികളും**

**1. ശക്തി**

പിടിഎ,എംപിടിഎ തുടങ്ങിയവയുടെഅർപ്പണ മനോഭാവത്തോടെ ഉള്ള സഹകരണം വിദ്യാലയത്തിന്റെ ശക്തി കേന്ദ്രങ്ങളാണ്. അതിലുപരി കൂട്ടായ പ്രവർത്തനം മനോഭാവത്തോടെ നിലകൊള്ളുന്ന അധ്യാപകരും വിദ്യാലയ പുരോഗതിയുടെ ശക്തി കേന്ദ്രങ്ങൾ തന്നെ.

**2. പരിമിതികൾ**

പ്രവർത്തനക്ഷമം അല്ലാത്ത കമ്പ്യൂട്ടറുകളുടെ അഭാവം ഒരു പരിമിതി ആയി തുടരുന്നു.

**അനുബന്ധം 4 A**

**ഭൗതിക സാഹചര്യം**

**ക്ലാസ് മുറികൾ ( ശിശു സൗഹൃദ ക്ലാസ് റൂം)**

സാമാന്യം നിലവാരമുള്ള ക്ലാസ് റൂം ഉള്ളതിനാൽ ഗവൺമെന്റിൽ നിന്നും സഹായം ലഭിക്കുകയാണെങ്കിൽ തീർച്ചയായും എംപിയെ തുടങ്ങിയവരുടെ സഹായത്തോടെ എന്ന സ്വപ്കരിക്കാൻ ആകും. ഹെഡ്മാസ്റ്റർ റൂം ഉണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും

പ്രത്യേകം ടോയ്ലറ്റുകൾ, കിച്ചൻ കം സ്റ്റോർ, ഡൈനിങ് ഹാൾ എന്നിവ ഉണ്ട്.

റാംപ് റെയിൽ സൗകര്യം : പൊതുവിൽ ഉണ്ട്.

കളിസ്ഥലം - ഉണ്ട്

കുടിവെള്ളം - ഉണ്ട്

അടുക്കള - ഉണ്ട്

ഡൈനിങ് ഹാൾ - ഉണ്ട്

വൈദ്യുതീകരണം - ഉണ്ട്

ലാബ് സാമഗ്രികൾ - ഇല്ല

( സി ആർ സി യിൽ നിന്നും ലഭിച്ച ചുരുക്കം ലാഭസാമഗ്രികൾ ഉണ്ട് )

ലൈബ്രറി പുസ്തകങ്ങൾ - ഉണ്ട്

കമ്പ്യൂട്ടർ - ഉണ്ട്

പ്രൊജക്ടർ - ഉണ്ട്

പച്ചക്കറിത്തോട്ടം - ഉണ്ട്

**അനുബന്ധം 4 B**

**അക്കാദമികം**

**എസ്. ആർ. ജി**

എല്ലാ വെള്ളിയാഴ്ചയും കൂടി പഠനപ്രവർത്തനങ്ങൾ വിലയിരുത്തുകയും ഒരാഴ്ചയ്ക്ക് വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ തീരുമാനിച്ചു നടപ്പിലാക്കുകയും കൃത്യമായ റിപ്പോർട്ട് എഴുതി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്.

**പഠനോപകരണ നിർമ്മാണ ശേഖരണം**

പാഠഭാഗത്ത് വരുന്ന പഠനോപകരണ നിർമ്മാണം നടത്തുകയും അവ സൂക്ഷിക്കുകയും ചെയ്യുന്നു.

**ദിനാചരണങ്ങൾ**

കലണ്ടർ പ്രകാരം എല്ലാ ദിനാചരണങ്ങളും ഭംഗിയായി നടത്തുന്നു. അനുയോജ്യമായ രീതിയിൽ റാലി,പോസ്റ്റർ,ക്വിസ് മത്സരങ്ങൾ, രചന മത്സരങ്ങൾ, കലാമത്സരങ്ങൾ എന്നിവ കൃത്യമായി നടത്തി വിജയികൾക്ക് വർഷാവസാനം സമ്മാനം നൽകിവരുന്നു.

അസംബ്ലിയിൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട സന്ദേശം നൽകുന്നു. ബുധനാഴ്ച ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. അസംബ്ലിയിൽ പ്രയർ,പ്രതിജ്ഞ, വാർത്ത, ക്വിസ്ക,ടംകഥകൾ, പഴഞ്ചൊല്ലുകൾ, ചിന്താവിഷയം എന്നിവ നടത്തിവരുന്നു. എല്ലാദിവസവും മാസ് ട്രിൽ നടത്തുന്നു. എല്ലാ മാസവും നിശ്ചിത വിഷയം ബോധവൽക്കരണ ക്ലാസ് നടത്തുന്നു. വീഡിയോ ക്ലിപ്പിംഗ്സ് ഡോക്യുമെന്ററി ഫിലിം എന്നിവ ക്ലാസ് അനുബന്ധിച്ച് നടത്തിവരുന്നു.

**അനുബന്ധം 4 C**

എസ് എം സി എ, പി ടി എ, എന്നിവ സ്കൂളിന്റെ പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുന്നു. എല്ലാ മാസവും ക്ലാസ് പിടിഎ വിളിച്ചു കുട്ടികളുടെ നിലവാരം രക്ഷകർത്താക്കളും ആയി പങ്കുവയ്ക്കുകയും ചെയ്യുന്നു. സ്കൂൾ അധ്യാപകരും ഹെഡ്മാസ്റ്ററും കുട്ടികളുടെ വീടുകളിൽ പോകുകയും കുടുംബ പശ്ചാത്തലം മനസ്സിലാക്കി കൗൺസിലിംഗ് നൽകുകയും ചെയ്യുന്നു.

സ്കൂൾ വളപ്പിൽ ആരംഭിച്ച കൃഷിയുടെയും അധ്യാപകരുടെയും വിദ്യാർഥികളുടെയും സഹകരണത്തോടെ അഭിവൃദ്ധിപ്പെട്ടു വരുന്നു. ആഘോഷ ദിനങ്ങളിൽ സമൂഹ പങ്കാളിത്തത്തോടെ റാലിയും പ്രസംഗങ്ങളും സംഘടിപ്പിച്ച് ജനകീയമാക്കാറുണ്ട്.

# അനുബന്ധം 5 എ

## മാതൃകാ പദ്ധതി

| പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| പ്രീടെസ്റ്റ് | എസ്.ആർ.ജിയിൽ ചർച്ച ചെയ്ത് പ്രീടെസ്റ്റിന് ടൂൾ തയ്യാറാക്കി നടത്തുന്നു. | ജൂൺ | എസ്.ആർ.ജി |
| പ്രീടെസ്റ്റ് ഫലവിശ കലനവും തുടർ പ്രവർത്തന ആസൂ ത്രണവും | പ്രീടെസ്റ്റ് ഫലം എസ്. ആർ.ജി അവതരിപ്പിച്ച് തുടർ പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. | ജൂൺ 3-ാം വാരം | ടീച്ചർ |
| പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടി കൾക്കുള്ള പ്രവർത്തനം | കുട്ടികളെ കണ്ടെത്തുന്നു പ്രവർത്തനങ്ങൾ ആസൂ ത്രണം ചെയ്ത് നടപ്പിലാ ക്കുന്നു. | ജൂലൈ | ടീച്ചർ എസ്.ആർ.ജി കൺവീനർ |
| കലാ-കായിക പരിശീലനം | കലാ-കായിക രംഗത്ത് മികവുള്ളവരെയും താൽര്യമുള്ള വരെയും കണ്ടെത്തുന്നു, പരിശീലനം നൽകുന്നു. | ആഗസ്റ്റ് മുതൽ | പി.ടി.എ കായികാധ്യാപക രുടെ സഹായം തേടുന്നു. |
| പ്രവൃത്തി പരിചയ പരിശീലനം | പ്രവൃത്തി പരിചയത്തിൽ താൽപര്യമുള്ളകുട്ടികളെ കണ്ടെത്തുന്നു. പരിശീലനം നൽകുന്നതിനുവേണ്ട സാധന സാമഗ്രികൾ തയ്യാറാക്കുന്നു. പരിശീലനം നൽകുന്നു. | ജൂലൈ | Work experiance teacher |

## അനുബന്ധം 5 സി

## ഉച്ചഭക്ഷണ പരിപാടി

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| ഉച്ചഭക്ഷണ കമ്മിറ്റി രൂപീകരണം | ഓരോ ദിവസവും വിതരണം ചെയ്യുന്നതിനുള്ള ചുമതല അധ്യാപകർക്ക് പതിച്ചുനൽകുന്നു.പി.ടി.എ അംഗങ്ങളുടെ സഹകരണത്തോടെ എല്ലാദിവസവും ഉച്ചക്ക് 12.45 ന് ഭക്ഷണം വിതരണം നടത്തുന്നു. പച്ചകറി വിഭവങ്ങൾ എല്ലാ ദിവസവും ലഭ്യമാക്കുന്നത് കൂടാതെ അച്ചാറും ആഴ്ചയിൽ 3 ദിവസം കടല, വൻപയർ, മുതിര, പെരുപയർ എന്നിവയുടെ തോരനും കുട്ടികൾക്ക് ലഭ്യാമാക്കുന്നു. | | ചുമതലയുള്ള അധ്യാപകർ |
| അടുക്കളയും പരിസരവും ശുചിയാക്കൽ | അടുക്കള പരിസരം, പാത്രങ്ങൾ,കുടിവെള്ള സംവിധാനം,എന്നിവ വൃത്തിയാക്കുന്നതോടൊപ്പം കേടുപാടുകൾ നീക്കുകയും ചെയ്യുന്നു, | മെയ് അവസാന വാരം | പാചക തൊഴിലാളികൾ |
| വിറക് ശേഖരണം | ആവശ്യമായ വിറക്, തൊണ്ട്, എന്നിവ വില കൊടുത്ത് വാങ്ങി ശേഖരിക്കുന്നു. | മെയ് | കൺവീനർ |
| കുടിവെള്ള വിതരണം | തിളപ്പിച്ചാറ്റിയ വെള്ളം പൊതുവായി എല്ലാ കുട്ടികൾക്കും ലഭിക്കുന്ന വിധത്തിൽ | എല്ലാ ദിവസവും | കൺവീനർ |
| കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ | ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ അർഹരായ കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്ന കമ്മിറ്റി | ജൂൺ | ക്ലാസ് ടീച്ചർ, ഹെഡ്മാസ്റ്റർ പി.എ.എ |
| പോഷക സമൃദ്ധമായ ഭക്ഷണം ഉറപ്പുവരുത്തൽ | ആവശ്യമായ അരി, പാൽ, മുട്ട, മാംസം, എന്നിവ യഥാസമയങ്ങളിൽ ലഭ്യമാക്കാൻ എ.ഇ.ഒ, മാവേലിസ്റ്റോർ, എന്നിവിടങ്ങളിലെ കടലാസ്സ് വർക്കുകൾ പൂർത്തിയാക്കുന്നുയഥാസമയങ്ങളിൽ ശേഖരിക്കുന്നു. | ജൂൺ | ഹെഡ്മാസ്റ്റർ |
| ഉച്ചഭക്ഷണ വിതരണം | ഓരോദിവസവും വിതരണം ചെയ്യുന്നതിനുള്ള ചുമതല അദ്ധ്യാപകർക്ക് പതിച്ച് നൽകുന്നു. പി.ടി.എ അംഗങ്ങളുടൈസഹകരണത്തോടെ എല്ലാദിവസവും ഉച്ചക്ക് 12.50 ന് നൽകുന്നു. പച്ചകറി വിഭവങ്ങൾ എല്ലാം ദിവസവും ലഭ്യമാക്കുന്നത് കൂടാതെ അച്ചാറും ആഴ്ചയിൽ മൂന്നു ദിവസം കടല, വൻപയർ, മുതിര, ചെറുപയർ എന്നിവയുടെ തോരനും കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ട്. | ജൂൺ മുതൽ മാർച്ച് വരെ | ചുമതലയുള്ള അദ്ധ്യാപകർ |
| മുട്ട വിതരണം | എല്ലാ ബുധനാഴ്ചയും ഉച്ച ഭക്ഷത്തോടൊപ്പം മുട്ട മുഴുവൻ, കറിയായി നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അദ്ധ്യാപകർ |
| പാൽ വിതരണം | എല്ലാ ചൊവ്വ, വ്യാഴം,ദിവസങ്ങളിൽ 11.30 ന് എല്ലാ കുട്ടികൾക്കും തിളപ്പിച്ചാറ്റിയ ഒരു ഗ്ലാസ് പാൽ വിതരണം ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അദ്ധ്യാപകർ |
| ശുചിത്വ ബോധവൽക്കരണം | പാചക തൊഴിലാളികൾക്ക് ആരോഗ്യ ശുചിത്വത്തെ കുറിച്ച് ബോധവൽക്കരണ ക്ലാസിൽ പങ്കെടുക്കാൻ അവസരം നൽകുന്നു. | ജൂൺ | പഞ്ചായത്ത് |

# പദ്ധതി വിശദാംശങ്ങൾ

## പ്രവർത്തനം – I

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് കേൾക്കുന്നതിനും സംസാരിക്കുന്നതിനും അവസരം ഒരുക്കുക | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ ക്ലാസ് അടിസ്ഥാനത്തിൽ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക അസംബ്ലിയിൽ വാർത്ത പ്രാർത്ഥന പ്രതിജ്ഞ, പഴഞ്ചൊല്ലുകൾ, കടംകഥകൾ ചിന്താവിഷയം എന്നിവ ഉൾപ്പെടുത്തുന്നു. | എല്ലാ ബുധനാഴ്ചയും | ക്ലാസധ്യാപകർ | - |

## പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : Making Dictionary

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി ഇംഗ്ലീഷ് വാക്കുകളും അർത്ഥവും പരിചയപ്പെടുത്തുക | യൂണിറ്റ് അടിസ്ഥാനത്തിൽ വാക്കുകൾ അക്ഷരമാലാക്രമത്തിൽ ശേഖരിച്ച് നിഘണ്ടുരൂപപ്പെടുത്തുന്നു. ഓരോ അക്ഷരത്തിൽ വരുന്ന വാക്കുകൾ ശേഖരിക്കാൻ ഓരോ ഗ്രൂപ്പിനെ ചുമതലപ്പെടുത്തുന്നു. | 1 വർഷം | ഇംഗ്ലീഷ് അധ്യാപിക | 1000/- |

## പ്രവർത്തനം– 5

പ്രവർത്തനത്തിന്റെ പേര് : English Corner

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയോടുള്ള ഭയം മാറ്റി പൊതു വേദിയിൽ അവതരിപ്പിക്കുന്നതിന് പ്രാപ്തരാക്കുക. | കൊറിയോഗ്രഫി, സ്കിറ്റ്, ആക്ഷൻ സോങ്ങ്, എന്നിവ പരിശീലിപ്പിച്ച് ഇംഗ്ലീഷ് കോർണറിൽ അവതരിപ്പിക്കാൻ അവസരം നൽകുകും | 2 വർഷം | എല്ലാ അധ്യാപകരും | - |

## പ്രവർത്തനം– 6

പ്രവർത്തനത്തിന്റെ പേര് : രചനാ ശില്പശാല

ഉപമേഖല : മലയാള വിവിധ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗങ്ങളെ വ്യത്യസ്ത ഭാഷാ വ്യവഹാരങ്ങളിലേക്ക് മാറ്റി രചനകൾ നടത്തുന്നതിനവസരം | പാഠഭാഗത്തെ കുട്ടികൾക്കിഷ്ടമുള്ള രീതിയിൽ ( ചിത്രരചന, സ്കിറ്റ്, കവിത) എഴുതി അവതരിപ്പിക്കാൻ അവസരം നൽകൽ | 3 വർഷം | മലയാളം അധ്യാപിക | |

## പ്രവർത്തനം– 10

പ്രവർത്തനത്തിന്റെ പേര് : നാടകകളരി

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ ചെറുകഥകൾ എന്നിവയുടെ നാടകാവിഷകരണം | പ്രതിമാസം ഒന്ന് | മലയാളം അധ്യാപിക | |

## പ്രവർത്തനം– 11

പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥശാലാശാക്തീകരണം

ഉപമേഖല : ഭാഷാ ശേഷിയുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് പുസ്തകങ്ങൾ, ഭവനസന്ദർശനത്തിലൂടെയും ജന്മദിനാചരണത്തിലൂടെയും ശേഖരിക്കൽ, പുസ്തകങ്ങളുടെ വർഗ്ഗീകരണം നടത്തി ക്രമീകരിക്കൽ | അവസരോചിതം | എല്ലാ അധ്യാപകരും | |

## പ്രവർത്തനം– 12

പ്രവർത്തനത്തിന്റെ പേര് : മേളകൾ

ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾ ശാസ്ത്രമേളയിൽ എല്ലാകുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരുപ്രാവശ്യം | അധ്യാപകർ | 200 |

## പ്രവർത്തനം- 13

പ്രവർത്തനത്തിന്റെ പേര് : പരീക്ഷണം

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരീക്ഷണങ്ങൾ ചെയ്യുന്നതിന് കുട്ടികളിൽ താല്പര്യം ജനിപ്പിക്കുക | പാഠഭാഗത്തുനിന്നും മറ്റു പുസ്തകങ്ങളിൽ നിന്നും കണ്ടെത്തുന്ന പരീക്ഷണങ്ങൾ ചെയ്തുനോക്കുകയും കുറിക്കുകയും ചെയ്യുന്നു. | 6 മാസം | | |

## പ്രവർത്തനം- 14

പ്രവർത്തനത്തിന്റെ പേര് : സസ്യങ്ങൾ നിരീക്കാം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സസ്യങ്ങളെ നിരീക്ഷിച്ച് ഇലകൾ, വേരുകൾ എന്നിവയുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുക | ഇലകൾ ശേഖരിച്ച് ഉണക്കി ഇല ആൽബം ഉണ്ടാക്കുന്നു. അതിനോടൊപ്പം വേരും ശേഖരിച്ച് പ്രത്യേക ബുക്കിൽ ഒട്ടിക്കുകയും ചെറു കുറിപ്പ് എഴുതുകയും ചെയ്യുന്നു. | 1 വർഷം | ക്ലാസ്സ് അധ്യാപകർ | |

## പ്രവർത്തനം- 15

പ്രവർത്തനത്തിന്റെ പേര് : നിരീക്ഷണക്കുറിപ്പ്

ഉപമേഖല : അക്കാദമികം/ പക്ഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പക്ഷികളെ നിരീക്ഷിക്കുന്നതിനും പക്ഷിലോകത്തെ കൗതുകങ്ങൾ ആസ്വദിക്കുന്നതിനുമുള്ള പ്രാപ്തി നേടുക | ചുറ്റുപാടുമുള്ള പക്ഷികളെ നിരീക്ഷിച്ച് കുറിപ്പെഴുതാൻ ആവശ്യപ്പെടുകയും ചിത്രങ്ങൾ ഒട്ടിക്കുകയും ചെയ്യുന്നു. | ആവശ്യാനുസരണം | ക്ലാസ് അധ്യാപിക | |

## പ്രവർത്തനം- 16

പ്രവർത്തനത്തിന്റെ പേര് : കേരള പഠനം

ഉപമേഖല : ജില്ലകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജില്ലകളെ കുറിച്ച് കൂടുതൽ അറിയുക | ജില്ലകളെ കുറിച്ച് വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കൽ. (മണ്ണ്, കല, (പ്രധാനവ്യവസായം തുടങ്ങിയവ) | 2 വർഷം | ക്ലാസ് അധ്യാപിക | |

## പ്രവർത്തനം- 17

പ്രവർത്തനത്തിന്റെ പേര് : ഒറിഗാമി

ഉപമേഖല : അക്കാദമികം / പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|
| പേപ്പർ ക്രാഫ്റ്റുകളുമാ യി ബന്ധപ്പെട്ട പ്രവർത്തനങ്ങളി ൽ താല്പര്യം ജനിപ്പിക്കുക. | 1 മുതൽ 4 വരെ ക്ലാസ്സുകളിൽ വരുന്ന ഒറിഗാമിയുമനായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രത്യേകം തെരെഞ്ഞെടു ത്ത ഗ്രൂപ്പ് തയ്യാറാക്കുകയും പ്രദർശിപ്പിക്കുകയ ും ചെയ്യും | ആഴ്ചയി ൽ 1 ദിവസം | അധ്യാപി ക | |

## പ്രവർത്തനം– 18

പ്രവർത്തനത്തിന്റെ പേര് : കുടുംബ ബഡ്ജറ്റ്

ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടുന്നതിന് | ഓരോ കുട്ടികളോടും ഓരോ ദിവസത്തെ ചലവ് എഴുതി ഒരു മാസമാകുമ്പോൾ എത്ര രൂപ വീട്ടുചെലവിന് ആകുന്നു എന്ന് കണ്ടെത്താൻ ആവശ്യപ്പെടുന്നു. ഇപ്രകാരം ഓരോ മാസവും കണ്ടെത്തി ഓരോ മാസവും തൊട്ടു മുമ്പിലത്തെ മാസത്തെക്കാൾ കൂടുതലാണോ കുറവാണോ എന്ന് കണ്ടെത്തുന്നു. | മാസം തോറും | ഗണിത അധ്യാപിക | |

## പ്രവർത്തനം– 19

പ്രവർത്തനത്തിന്റെ പേര് : ഗണിതക്വിസ്

ഉപമേഖല : അക്കാദമികം /ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനത്തിൽ താല്പര്യം വളർത്തുന്നതിന് | ഗണിത പുസ്തകങ്ങളിൽ നിന്നും ചോദ്യങ്ങൾ തയ്യാറാക്കി പഠിക്കാൻ അവസരം നൽകുന്നു. മാസത്തിലൊരിക്കൽ ക്വിസ് നടത്തി വിജയിച്ച കുട്ടിയെ അഭിനന്ദിക്കുന്നു. | മാസത്തിലൊന്ന് | ഗണിതാധ്യാപിക | പി.റ്റി.എ |